ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും,
ആവിഷ്കരിക്കുകയും ചെയ്യുക (4)
ദൂത് ഏഴ്

## സഭകളോട് സംസാരിക്കുന്ന ആത്മാവ്, ദാവീദിന്റെ താക്കോൽ കൈവശമുള്ളവൻ, ജയാളികളോടൊപ്പം അത്താഴം കഴിക്കുന്നവൻ

RM *Hymns*: ML113

തിരുവെഴുത്ത് വായന: വെളി. 3:7-22

വെളി. 3:7 ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

വെളി. 3:8 നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

വെളി. 3:9 ഇതാ, യെഹൂദരല്ലാതിരിക്കേ കളവായി, തങ്ങളെത്തന്നെ യെഹൂദർ എന്നു വിളിക്കുന്ന, സാത്താന്റെ സിനഗോഗിൽ നിന്നുള്ളവരെ—ഇതാ, വന്നു നിന്റെ കാൽക്കൽ സാഷ്ടാംഗം വീഴുവാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിയുവാനും ഞാൻ ഇടവരുത്തും.

വെളി. 3:10 എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും.

വെളി. 3:11 ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിക്കേണ്ടതിന് നിനക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുക.

വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

വെളി. 3:13 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

വെളി. 3:15 ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു.

വെളി. 3:16 അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു.

വെളി. 3:17 ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ,

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

വെളി. 3:19 ഞാൻ സ്നേഹിക്കുന്നവരെയൊക്കെയും ശാസിക്കുകയും ശിക്ഷിക്കുകയും

ചെയ്യുന്നു; അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക; മാനസാന്തരപ്പെടുക.

വെളി. 3:20 ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും.

വെളി. 3:21 ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

വെളി. 3:22 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

## I. വെളിപ്പാട് 2-ഉം 3-ഉം അധ്യായങ്ങളിൽ ക്രിസ്തു എല്ലാ സഭകളോടും സംസാരിക്കുന്ന ആത്മാവാണ്:

Rev 2, 3 be omitted.

A. വെളിപ്പാട് 2-ലും 3-ലും, ഓരോ ലേഖനത്തിന്റെയും തുടക്കത്തിൽ, യഥാക്രമം ഏഴ് സഭകളോടുള്ള പരിധിയില്ലാത്ത, ജീവൻ വിടുവിക്കുന്ന, ഏഴുമടങ്ങ് തീവ്രതപ്രാപിച്ച, ശ്വാസമായ ക്രിസ്തുവിന്റെ സംസാരം (2:1, 8, 12, 18; 3:1, 7, 14), ഓരോ ലേഖനത്തിന്റെയും അവസാനം ഏഴ് സഭകളോടുള്ള ഏഴുമടങ്ങ് തീവ്രതപ്രാപിച്ച, സർവവും ഉൾക്കൊള്ളുന്ന ജീവൻ നൽകുന്ന ആത്മാവിന്റെ സാർവത്രികമായ സംസാരമായിത്തീരുന്നു (2:7, 11, 17, 29; 3:6, 13, 22).

Rev 2, 3 be omitted.

വെളി. 2:1 എഫെസൊസിലുള്ള സഭയുടെ ദൂതന് എഴുതുക: തന്റെ വലം കൈയിൽ ഏഴു നക്ഷത്രങ്ങൾ പിടിച്ചുംകൊണ്ട് ഏഴു പൊൻനിലവിളക്കുകളുടെ മധ്യേ, നടക്കുന്നവൻ അരുളിച്ചെയ്യുന്നു:

വെളി. 2:8 സ്മുർന്നയിലുള്ള സഭയുടെ ദൂതന് എഴുതുക: മരിച്ചവനായിത്തീർന്നിട്ട് വീണ്ടും ജീവിച്ച, ഒന്നാമത്തവനും ഒടുക്കത്തവനുമായവൻ അരുളിച്ചെയ്യുന്നു:

വെളി. 2:12 പെർഗ്ഗമൊസിലുള്ള സഭയുടെ ദൂതന് എഴുതുക: മൂർച്ചയേറിയ ഇരുവായ്ത്തലവാൾ ഉള്ളവൻ അരുളിച്ചെയ്യുന്നു:

വെളി. 2:18 തുയഥൈരയിലുള്ള സഭയുടെ ദൂതന് എഴുതുക: അഗ്നിജ്വാല പോലെ കണ്ണുള്ളവനും, തിളങ്ങുന്ന താമ്രത്തിനു സദൃശമായ പാദങ്ങളുമുള്ള, ദൈവപുത്രൻ അരുളിച്ചെയ്യുന്നു:

വെളി. 3:1 സർദ്ദിസിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവത്തിന്റെ ഏഴ് ആത്മാക്കളും ഏഴു നക്ഷത്രങ്ങളും ഉള്ളവൻ അരുളിച്ചെയ്യുന്നു: ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, ജീവനുള്ളവൻ എന്നു നിനക്ക് പേരുണ്ടെങ്കിലും നീ മരിച്ചവനാകുന്നു.

വെളി. 3:7 ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

വെളി. 2:7 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും.

വെളി. 2:11 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഒരുവിധത്തിലും രണ്ടാം മരണത്താൽ ദോഷം വരുകയില്ല.

വെളി. 2:17 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല.

വെളി. 2:29 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

വെളി. 3:6 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

വെളി. 3:13 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

വെളി. 3:22 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

B. അങ്ങനെ, സംസാരിക്കുന്ന ക്രിസ്തു, സംസാരിക്കുന്ന ആത്മാവ്, എല്ലാ സഭകളോടും സംസാരിക്കുന്നവനായ ആത്മാവായിത്തീരുന്നു; ക്രിസ്തു ഒരു പ്രത്യേക സ്ഥലം സഭയോട് സംസാരിക്കുന്നു, ആത്മാവ് സാർവത്രിക ശരീരത്തോട് സംസാരിക്കുന്നു.

C. ഇത് ആത്മാവ് കർത്താവാണെന്നും, കർത്താവ് ആത്മാവാണെന്നും മാത്രമല്ല, പിന്നെയോ 1:4-ൽ ഏഴുമടങ്ങ് തീവ്രതപ്രാപിച്ച ആത്മാവ് സൂചിപ്പിക്കുന്നതുപോലെ സഭയുടെ അധഃപതനത്തിന്റെ ഇരുട്ടിൽ ആത്മാവ് വളരെ പ്രധാനപ്പെട്ടതാണെതുകൂടിയാണ് സൂചിപ്പിക്കുന്നത്.

വെളി. 1:4 യോഹന്നാൻ ആസ്യയിലുള്ള ഏഴു സഭകൾക്ക്: ഉള്ളവനും ഉണ്ടായിരുന്നവനും വരുന്നവനുമായവനിൽ നിന്നും, അവന്റെ സിംഹാസനത്തിനു മുമ്പിലുള്ള ഏഴ് ആത്മാക്കളിൽ നിന്നും,

D. വെളിപ്പാട് 2-ലും 3-ലും ഉള്ള ഏഴ് ലേഖനങ്ങൾ കർത്താവായ യേശു സംസാരിച്ച വാക്കുകളാണ്, എന്നാൽ ഇന്ന് നാം അവ വായിക്കുമ്പോൾ, ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ദൈവത്തിന്റെ വ്യവസ്ഥയുടെ ഉദ്ദേശ്യത്തിനായി നമ്മുടെ ആത്മാവിൽ ഈ വാക്കുകൾ നമ്മോട് സംസാരിക്കുന്നു; ഓരോ ലേഖനത്തിന്റെയും തുടക്കത്തിൽ കർത്താവിന്റെ വചനം ഒരു പ്രത്യേക സ്ഥലം സഭയ്ക്കാണ്, എന്നാൽ എല്ലാ യുഗങ്ങളിൽ നിന്നുമുള്ള ആളുകൾ അത് വായിക്കുമ്പോൾ, അത് എല്ലാ സഭകളോടുമുള്ള ആത്മാവിന്റെ സംസാരമായിത്തീരുന്നു.

Rev 2, 3 be omitted.

E. ആത്മാവിന്റെ സംസാരം എപ്പോഴും നമ്മെ ക്രിസ്തുവിന്റെ നിവേശനത്തിലേക്ക് തിരിക്കുന്നു; ആത്മാവിന്റെ സംസാരം ക്രിസ്തുവിന്റെ നിവേശനമാണ്—പ്ര.നി. 2 കൊരി. 3:16-18:

2 കൊരി. 3:16 എന്നാൽ അവരുടെ ഹൃദയം കർത്താവിലേക്ക് തിരിയുമ്പോഴെല്ലാം, മൂടുപടം നീങ്ങിപ്പോകുന്നു.

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ,

കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

1. സഭകളോടുള്ള ദൈവത്തിന്റെ ഏഴ് ആത്മാക്കളുടെ സംസാരം കേൾക്കുമ്പോഴെല്ലാം, നാം ഉടനടി വിലയേറിയതും മധുരമുള്ളതും വാത്സല്യമുള്ളതുമായ ഒരു സന്നിവേശനത്തിൻ കീഴിലാണ്, അത് നമ്മെ മാറ്റുകയും നമ്മെ രൂപാന്തരപ്പെടുത്തുകയും നമ്മെ ശരിയായ സാമഗ്രിയാക്കുകയും ദൈവത്തിന്റെ കെട്ടിടത്തിലേക്ക് നമ്മെ കെട്ടിപണിയുകയും ചെയ്യുന്ന ഒരു നിവേശനമാണ്.
2. തീപ്പൊയ്കയിലേക്ക് പോകേണ്ടതെല്ലാം ഏഴ് ദീപങ്ങളാൽ കത്തിച്ചാമ്പലാകുന്നു (വെളി. 4:5), ഇപ്പോൾ നാം പുതിയ യെരൂശലേമിന്റെ ഭാഗമായിത്തീരേണ്ടതിന് ക്രിസ്തു താൻ ആയിരിക്കുന്ന എല്ലാറ്റിനാലും നിവേശിപ്പിക്കപ്പെടുവാൻ ഏഴ് കണ്ണുകളിൻ കീഴിലാണ് (5:6).

| | |
|---|---|
| വെളി. 4:5 | സിംഹാസനത്തിൽ നിന്ന് മിന്നലും നാദവും ഇടിമുഴക്കവും പുറപ്പെടുന്നു. സിംഹാസനത്തിനു മുമ്പിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഏഴു ദീപങ്ങൾ ഉണ്ടായിരുന്നു, അവ ദൈവത്തിന്റെ ഏഴ് ആത്മാക്കൾ ആകുന്നു; |
| വെളി. 5:6 | സിംഹാസനത്തിന്റെയും നാലു ജീവികളുടെയും നടുവിലും മൂപ്പന്മാരുടെ മധ്യത്തിലും ഇപ്പോൾ അറുക്കപ്പെട്ടതുപോലെ ഒരു കുഞ്ഞാട് നിൽക്കുന്നതു ഞാൻ കണ്ടു, അതിന് ഏഴു കൊമ്പുകളും, സർവഭൂമിയിലേക്കും അയച്ചിരിക്കുന്ന ദൈവത്തിന്റെ ഏഴ് ആത്മാക്കളായ, ഏഴു കണ്ണുകളും ഉണ്ട്. |

F. സഭകളിലെ വിശ്വാസികൾ ആത്മാവിന്റെ സംസാരം കേൾക്കാൻ കഴിയുന്ന സ്ഥാനത്തായിരിക്കുകയും അങ്ങനെ അവർക്ക് കേൾക്കാൻ ചെവിയുള്ളവരാകുവാൻ എളുപ്പത്തിൽ കഴിയുമെങ്കിലും, എല്ലാവരും അവന്റെ സംസാരത്തെ സൂക്ഷമമായി പിന്തുടരുകയില്ല; അതിനാൽ, ജയാളികൾക്കുവേണ്ടിയുള്ള ആഹ്വാനം ഉണ്ട്.

G. ആത്മാവ് സഭകളോട് പറയുന്നത് കേൾക്കാൻ ചെവിയുള്ളവർ കേൾക്കണം, കേൾക്കുന്നവർ ജയാളികളായിത്തീരും:

1. അവന്റെ വ്യവസ്ഥയ്ക്കനുസൃതമായി നമുക്ക് കാര്യങ്ങൾ കാണാൻ കഴിയേണ്ടതിന്, അവന്റെ ശബ്ദം കേൾക്കുന്നതിന് നമ്മുടെ കാതുകൾ തുറക്കുവാൻ കർത്താവ് എപ്പോഴും ആഗ്രഹിക്കുന്നു—ഇയ്യോ. 33:14-16; യെശ. 50:4-5; പുറ. 21:6.

| | |
|---|---|
| ഇയ്യോ. 33:14 | ഒന്നോ രണ്ടോ വട്ടം ദൈവം അരുളിച്ചെയ്യുന്നു; മനുഷ്യൻ അതു കൂട്ടാക്കുന്നില്ലതാനും. |
| ഇയ്യോ. 33:15 | ഗാഢനിദ്ര മനുഷ്യർക്കുണ്ടാകുമ്പോൾ, അവർ ശയ്യമേൽ നിദ്രകൊള്ളുമ്പോൾ, സ്വപ്നത്തിൽ, രാത്രിദർശനത്തിൽ തന്നേ, |
| ഇയ്യോ. 33:16 | അവൻ മനുഷ്യരുടെ ചെവി തുറക്കുന്നു; അവരോടുള്ള പ്രബോധനെക്കു മുദ്രയിടുന്നു. |
| യെശ. 50:4 | തളർന്നിരിക്കുന്നവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു യഹോവയായ കർത്താവു എനിക്കു ശിഷ്യന്മാരുടെ നാവു തന്നിരിക്കുന്നു; അവൻ രാവിലെതോറും ഉണർത്തുന്നു; ശിഷ്യന്മാരെപ്പോലെ കേൾക്കേണ്ടതിന്നു |

അവൻ എന്റെ ചെവി ഉണർത്തുന്നു

യെശ. 50:5 — യഹോവയായ കർത്താവു എന്റെ ചെവി തുറന്നു; ഞാനോ മറുത്തുനിന്നില്ല; പിന്തിരിഞ്ഞതുമില്ല.

പുറ. 21:6 — യജമാനൻ അവനെ ദൈവസന്നിധിയിൽ കൂട്ടിക്കൊണ്ടു ചെന്നു കതകിന്റെയോ കട്ടളക്കാലിന്റെയോ അടുക്കൽ നിറുത്തീട്ടു സൂചികൊണ്ടു അവന്റെ കാതു കുത്തി തുളക്കേണം; പിന്നെ അവൻ എന്നേക്കും അവന്നു ദാസനായിരിക്കേണം.

2. ഭാരമേറിയ ചെവികൾ പരിച്ഛേദനയേൽക്കേണ്ടതുണ്ട്—യിരെ. 6:10; പ്രവൃ. 7:51.

യിരെ. 6:10 — അവർ കേൾപ്പാൻ തക്കവണ്ണം ഞാൻ ആരോടു സംസാരിച്ചു സാക്ഷീകരിക്കേണ്ടു? അവരുടെ ചെവിക്കു പരിച്ഛേദന ഇല്ലായ്കയാൽ ശ്രദ്ധിപ്പാൻ അവർക്കു കഴികയില്ല; യഹോവയുടെ വചനം അവർക്കു നിന്ദയായിരിക്കുന്നു; അവർക്കു അതിൽ ഇഷ്ടമില്ല.

പ്രവൃ. 7:51 — ദുശ്ശാഠ്യമുള്ളവരും ഹൃദയത്തിലും കാതിലും പരിച്ഛേദനയേൽക്കാത്തവരുമായ നിങ്ങൾ എല്ലായ്പ്പോഴും പരിശുദ്ധാത്മാവിനെ എതിർക്കുന്നു; നിങ്ങളുടെ പിതാക്കന്മാർ ചെയ്തതുപോലെ നിങ്ങളും ചെയ്യുന്നു.

3. പാപികളുടെ ചെവികൾ വീണ്ടെടുപ്പിൻ രക്തത്താൽ വേടിപ്പാക്കപ്പെടുകയും ആത്മാവിനാൽ അഭിഷേകം ചെയ്യപ്പെടുകയും വേണം—ലേവ്യ. 14:14, 17, 28.

ലേവ്യ. 14:14 — പുരോഹിതൻ അകൃത്യയാഗത്തിന്റെ രക്തം കുറെ എടുത്തു ശുദ്ധീകരണം കഴിയുന്നവന്റെ വലത്തുകാതിന്മേലും വലത്തുകയ്യുടെ പെരുവിരലിന്മേലും വലത്തുകാലിന്റെ പെരുവിരലിന്മേലും പുരട്ടേണം.

ലേവ്യ. 14:17 — ഉള്ളങ്കയ്യിൽ ശേഷിച്ച എണ്ണ കുറെ പുരോഹിതൻ ശുദ്ധീകരണം കഴിയുന്നവന്റെ വലത്തുകാതിന്മേലും വലത്തുകയ്യുടെ പെരുവിരലിന്മേലും വലത്തുകാലിന്റെ പെരുവിരലിന്മേലും അകൃത്യയാഗത്തിന്റെ രക്തത്തിന്മീതെ പുരട്ടേണം.

ലേവ്യ. 14:28 — പുരോഹിതൻ ഉള്ളങ്കയ്യിലുള്ള എണ്ണ കുറെ ശുദ്ധികരണം കഴിയുന്നവന്റെ വലത്തുകാതിന്മേലും വലത്തുകയ്യുടെ പെരുവിരലിന്മേലും വലത്തുകാലിന്റെ പെരുവിരലിന്മേലും അകൃത്യയാഗത്തിന്റെ രക്തം ഉള്ളേടത്തു പുരട്ടേണം.

4. പുരോഹിതന്മാരായി കർത്താവിനെ സേവിക്കുന്നതിന്, നമ്മുടെ ചെവികൾ വീണ്ടെടുപ്പിൻ രക്തത്താൽ വേടിപ്പാക്കപ്പെടണം—പുറ. 29:20; ലേവ്യ. 8:23-24.

പുറ. 29:20 — ആട്ടുകൊറ്റനെ അറുത്തു അതിന്റെ രക്തം കുറേ എടുത്തു അഹരോന്റെ വലത്തെ കാതിന്നും അവന്റെ പുത്രന്മാരുടെ വലത്തെ കാതിന്നും അവരുടെ വലത്തെ കയ്യുടെ പെരുവിരലിന്നും വലത്തെ കാലിന്റെ പെരുവിരലിന്നും പുരട്ടി രക്തം യാഗപീഠത്തിന്മേൽ ചുറ്റും തളിക്കേണം.

ലേവ്യ. 8:23 — അവൻ അതിനെ അറുത്തു; മോശെ അതിന്റെ രക്തം കുറെ എടുത്തു അഹരോന്റെ വലത്തെ കാതിന്മേലും വലത്തെ കയ്യുടെ പെരുവിരലിന്മേലും വലത്തെ കാലിന്റെ പെരുവിരലിന്മേലും പുരട്ടി.

ലേവ്യ. 8:24 — അവൻ അഹരോന്റെ പുത്രന്മാരെയും വരുത്തി; മോശെ രക്തം കുറെ അവരുടെ വലത്തെ കാതിന്മേലും വലത്തെ കയ്യുടെ പെരുവിരലിന്മേലും വലത്തെ കാലിന്റെ പെരുവിരലിന്മേലും പുരട്ടി; ശേഷം രക്തം മോശെ യാഗപീഠത്തിന്മേൽ ചുറ്റും തളിച്ചു.

5. ആത്മാവ് സഭകളോട് സംസാരിക്കവേ, ആത്മാവിന്റെ സംസാരം കേൾക്കാൻ നമുക്കെല്ലാവർക്കും തുറക്കപ്പെട്ടതും പരിച്ഛേദനയേറ്റതും വേടിപ്പാക്കപ്പെട്ടതും അഭിഷേകം ചെയ്യപ്പെട്ടതുമായ ഒരു ചെവി ആവശ്യമാണ്.

H. സഭാചരിത്രത്തിലെ ഏഴ് തരം സഭകളെ സംബന്ധിച്ചാണ് ആത്മാവിന്റെ സംസാരം: പ്രാരംഭ സഭ (എഫെസൊസ്), ഉപദ്രവത്തിനു കീഴിലുള്ള സഭ (സ്മുർന്ന), ലൗകിക സഭ (പെർഗ്ഗമൊസ്), വിശ്വാസത്യാഗത്തിലുള്ള സഭ (തുയഥൈര), നവോതഥാന സഭ (സർദ്ദിസ്), പ്രത്യുദ്ധരിക്കപ്പെട്ട സഭ (ഫിലദെൽഫ്യ), അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭ (ലവൊദിക്യ):

1. അവസാനത്തെ നാല് തരത്തിലുള്ള സഭകൾ കർത്താവ് മടങ്ങിവരുന്നതുവരെ നിലനിൽക്കും.
2. സംശയലേശമെന്യേ, പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്കു മാത്രമേ ദൈവത്തിന്റെ നിത്യോദ്ദേശ്യം നിറവേറ്റുവാൻ കഴിയൂ, കർത്താവ് അവളുടെ പിന്നാലെ മാത്രമാകുന്നു; നാം കർത്താവിന്റെ തിരഞ്ഞെടുപ്പ് കൈക്കൊള്ളണം.
3. ലവൊദിക്യ ശീതോഷ്ണതയും ആത്മിക നിഗളവുമുള്ള വികലമായ ഫിലദെൽഫ്യയാണ്—വെളി. 3:14-17:

| | |
|---|---|
| വെളി. 3:14 | ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു: |
| വെളി. 3:15 | ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു. |
| വെളി. 3:16 | അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു. |
| വെളി. 3:17 | ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ, |

a. ലവൊദിക്യ എന്നാൽ എല്ലാം അറിയുകയും, പക്ഷേ വാസ്തവത്തിൽ ഒന്നിനെക്കുറിച്ചും തീക്ഷ്ണതയില്ലാതിരിക്കുകയും ചെയ്യുക എന്നാണ് അർഥമാക്കുന്നത്; പേരിൽ അതിന് എല്ലാം ഉണ്ട്, പക്ഷേ ഒന്നിനും വേണ്ടി അതിന് ജീവൻ ത്യാഗം ചെയ്യുവാൻ കഴിയില്ല; അത് അതിന്റെ മുമ്പത്തെ മഹത്വം ഓർക്കുന്നു, പക്ഷേ ദൈവമുമ്പാകെയുള്ള അതിന്റെ ഇപ്പോഴത്തെ അവസ്ഥ മറക്കുന്നു.

b. ഫിലദെൽഫ്യയുടെ വഴിയിൽ തുടരുവാൻ നാം ആഗ്രഹിക്കുന്നുവെങ്കിൽ, നാം ദൈവമുമ്പാകെ നമ്മെത്തന്നെ താഴ്ത്തുവാൻ ഓർക്കണം—പ്ര.നി. വാ. 7-22; യെശ. 57:15; 66:1-2.

| | |
|---|---|
| വെളി. 3:7 | ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു: |
| വെളി. 3:8 | നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ |

നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

വെളി. 3:9 ഇതാ, യെഹൂദരല്ലാതിരിക്കേ കളവായി, തങ്ങളെത്തന്നെ യെഹൂദർ എന്നു വിളിക്കുന്ന, സാത്താന്റെ സിനഗോഗിൽ നിന്നുള്ളവരെ—ഇതാ, വന്നു നിന്റെ കാൽക്കൽ സാഷ്ടാംഗം വീഴുവാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിയുവാനും ഞാൻ ഇടവരുത്തും.

വെളി. 3:10 എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും.

വെളി. 3:11 ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിക്കേണ്ടതിന് നിനക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുക.

വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

വെളി. 3:13 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

വെളി. 3:14 ലവൊദിക്യയിലുള്ള സഭയുടെ ദൂതന് എഴുതുക: ദൈവസൃഷ്ടിയുടെ ആരംഭമായ, വിശ്വസ്തനും സത്യവാനുമായ സാക്ഷിയായ, ആമേൻ അരുളിച്ചെയ്യുന്നു:

വെളി. 3:15 ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു.

വെളി. 3:16 അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു.

വെളി. 3:17 ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ,

വെളി. 3:18 നീ ധനവാൻ ആകേണ്ടതിന് തീയിൽ ഊതിക്കഴിച്ച പൊന്നും, നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതിരിക്കുവാൻ തക്കവണ്ണം ധരിക്കേണ്ടതിന് വെള്ളവസ്ത്രവും, നീ കാണേണ്ടതിന് നിന്റെ കണ്ണുകൾ അഭിഷേകം ചെയ്യുവാൻ കൺലേപവും എന്നിൽനിന്ന് വാങ്ങുവാൻ ഞാൻ നിനക്ക് ആലോചന തരുന്നു.

വെളി. 3:19 ഞാൻ സ്നേഹിക്കുന്നവരെയൊക്കെയും ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു; അതുകൊണ്ട് തീക്ഷ്ണതയുള്ളവനാകുക; മാനസാന്തരപ്പെടുക.

വെളി. 3:20 ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും.

വെളി. 3:21 ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ

സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

വെളി. 3:22 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

യെശ. 57:15 ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്നു നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു: ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു; താഴ്മയുള്ളവരുടെ മനസ്സിന്നും മനസ്താപമുള്ളവരുടെ ഹൃദയത്തിന്നും ചൈതന്യം വരുത്തുവാൻ മനസ്താപവും മനോവിനയവുമുള്ളവരോടു കൂടെയും വസിക്കുന്നു.

യെശ. 66:1 യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്കു പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രാമസ്ഥലവും ഏതു?

യെശ. 66:2 എന്റെ കൈ ഇതൊക്കെയും ഉണ്ടാക്കി; അങ്ങനെയാകുന്നു ഇതൊക്കെയും ഉളവായതു എന്നു യഹോവ അരുളിച്ചെയ്യുന്നു; എങ്കിലും അരിഷ്ടനും മനസ്സു തകർന്നവനും എന്റെ വചനത്തിങ്കൽ വിറെക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും.

**II. പ്രത്യുദ്ധരിക്കപ്പെട്ട സഭയിൽ (ഫിലദെൽഫ്യ), ക്രിസ്തു (ദൈവരാജ്യത്തിന്റെ കെട്ടുപണിക്കുവേണ്ടി ദാവീദിന്റെ ഭവനത്താൽ മുൻകുറിക്കപ്പെടുന്ന) ദൈവഭവനത്തിന്റെ (ഭണ്ഡാരത്തിന്റെ) താക്കോൽ തോളിൽ വച്ചിരിക്കുന്നവനായി കാണപ്പെടുന്നു—22:22; വെളി. 3:7:**

യെശ. 22:22 ഞാൻ ദാവീദുഗൃഹത്തിന്റെ താക്കോൽ അവന്റെ തോളിൽ വയ്ക്കും; അവൻ തുറന്നാൽ ആരും അടയ്ക്കുകയില്ല; അവൻ അടച്ചാൽ ആരും തുറക്കുകയുമില്ല.

വെളി. 3:7 ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

A. പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക്, ക്രിസ്തു തുറക്കാനും അടയ്ക്കാനുമുള്ള അധികാരത്തോടുകൂടിയ രാജ്യത്തിന്റെ താക്കോലായ ദാവീദിന്റെ താക്കോൽ കൈവശമുള്ളവനാണ്; ആർക്കും അടയ്ക്കാൻ കഴിയാത്ത ഒരു തുറന്ന വാതിൽ കർത്താവ് ഒരുമനസ്സിലുള്ള പ്രത്യുദ്ധരിക്കപ്പെട്ട സഭയ്ക്ക് നൽകിയിരിക്കുന്നു—വാ. 8; പ്ര.നി. സങ്കീ. 133.

വെളി. 3:8 നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

സങ്കീ. 133:1 ദാവീദിന്റെ ഒരു ആരോഹണ ഗീതം. ഇതാ, സഹോദരന്മാർ ഒത്തൊരുമിച്ചു വസിക്കുന്നതു എത്ര ശുഭവും എത്ര മനോഹരവും ആകുന്നു!

സങ്കീ. 133:2 അതു വസ്ത്രത്തിന്റെ വിളുമ്പിലേക്കു നീണ്ടു കിടക്കുന്ന താടിയിലേക്കു, അഹരോന്റെ താടിയിലേക്കു തന്നേ, ഒഴുകുന്നതായി അവന്റെ തലയിലെ വിശേഷതൈലംപോലെയും

സങ്കീ. 133:3 സീയോൻപർവ്വതത്തിൽ പെയ്യുന്ന ഹെർമ്മോന്യമഞ്ഞുപോലെയും ആകുന്നു; അവിടെയല്ലോ യഹോവ അനുഗ്രഹവും ശാശ്വതമായുള്ള ജീവനും കല്പിച്ചിരിക്കുന്നതു.

B. ദാവീദിന്റെ താക്കോൽ നാം ഒരു വെള്ളക്കല്ലായി രൂപാന്തരപ്പെടുന്നതിനും, ദൈവത്തിന്റെ നാമവും പുതിയ യെരൂശലേമെന്ന നാമവും കർത്താവിന്റെ പുതിയ നാമവുമുള്ള ഒരു തൂണായി ദൈവത്തിന്റെ ആലയത്തിലേക്ക് നാം പണിയപ്പെടുന്നതിനും നമുക്ക് വാതിൽ തുറക്കുന്നു—വെളി. 2:17; 3:12:

വെളി. 2:17 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല.

വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

1. ദൈവത്തിലേക്ക് പണിയപ്പെടുവാനും, പുതിയ യെരൂശലേമിന്റെ ഒരു ഘടകാംശമായിത്തീരുവാനും, പുതിയ ക്രിസ്തുവിന്റെ ഒരു ഭാഗമായിത്തീരുവാനും നമുക്ക് മാനുഷികമായി അസാധ്യമാണ്, എന്നാൽ നമ്മിലുള്ള ജീവന്റെ ആത്മാവിന്റെ പ്രമാണത്തിൽ അസാധ്യമായതിനോട് ഇടപെടുവാനുള്ള ഒരു ഘടകം അടങ്ങിയിരിക്കുന്നു—റോമ. 8:2; വെളി. 3:7-13; പ്ര.നി. ഉല്പ. 28:12-19; യോഹ. 1:51.

റോമ. 8:2 എന്തെന്നാൽ ജീവന്റെ ആത്മാവിന്റെ പ്രമാണം എന്നെ പാപത്തിന്റെയും മരണത്തിന്റെയും പ്രമാണത്തിൽനിന്ന് ക്രിസ്തു യേശുവിൽ സ്വതന്ത്രനാക്കിയിരിക്കുന്നു.

വെളി. 3:7 ഫിലദെൽഫ്യയിലുള്ള സഭയുടെ ദൂതന് എഴുതുക: വിശുദ്ധനും, സത്യവാനും, ദാവീദിന്റെ താക്കോലുള്ളവനും, ആരും അടയ്ക്കാതവണ്ണം തുറക്കുകയും, ആരും തുറക്കാതവണ്ണം അടയ്ക്കുകയും ചെയ്യുന്നവൻ അരുളിച്ചെയ്യുന്നു:

വെളി. 3:8 നിന്റെ പ്രവൃത്തികൾ ഞാൻ അറിയുന്നു; ഇതാ, ഞാൻ ആർക്കും അടയ്ക്കുവാൻ കഴിയാത്ത ഒരു തുറന്ന വാതിൽ നിനക്കു മുമ്പാകെ വച്ചിരിക്കുന്നു, എന്തുകൊണ്ടെന്നാൽ നിനക്ക് അൽപമേ ശക്തിയുള്ളൂ, നീ എന്റെ വചനം കാത്തു, എന്റെ നാമം നിഷേധിച്ചതുമില്ല.

വെളി. 3:9 ഇതാ, യെഹൂദരല്ലാതിരിക്കേ കളവായി, തങ്ങളെത്തന്നെ യെഹൂദർ എന്നു വിളിക്കുന്ന, സാത്താന്റെ സിനഗോഗിൽ നിന്നുള്ളവരെ—ഇതാ, വന്നു നിന്റെ കാൽക്കൽ സാഷ്ടാംഗം വീഴുവാനും ഞാൻ നിന്നെ സ്നേഹിച്ചു എന്ന് അറിയുവാനും ഞാൻ ഇടവരുത്തും.

വെളി. 3:10 എന്റെ സഹിഷ്ണുതയുടെ വചനം നീ കാത്തതിനാൽ, ഭൂമിയിൽ വസിക്കുന്നവരെ പരീക്ഷിക്കുവാനായി, ആൾപ്പാർപ്പുള്ള സർവഭൂമിയിന്മേലും വരുവാനിരിക്കുന്ന, പരീക്ഷയുടെ നാഴികയിൽനിന്ന് ഞാനും നിന്നെ കാക്കും.

വെളി. 3:11 ഞാൻ വേഗം വരുന്നു; നിന്റെ കിരീടം ആരും എടുക്കാതിരിക്കേണ്ടതിന് നിനക്കുള്ളതിനെ മുറുകെപ്പിടിച്ചുകൊള്ളുക.

വെളി. 3:12 ജയിക്കുന്നവനെ ഞാൻ എന്റെ ദൈവത്തിന്റെ ആലയത്തിലെ തൂണാക്കും, അവൻ ഒരുവിധത്തിലും ഇനിമേൽ പുറത്തുപോകുകയില്ല, ഞാൻ അവന്റെമേൽ എന്റെ ദൈവത്തിന്റെ നാമവും, എന്റെ ദൈവത്തിന്റെ അരികിൽനിന്ന്, സ്വർഗത്തിൽനിന്ന് ഇറങ്ങിവരുന്ന, പുതിയ യെരൂശലേമെന്ന എന്റെ ദൈവത്തിന്റെ നഗരത്തിന്റെ നാമവും, എന്റെ പുതിയ നാമവും എഴുതും.

വെളി. 3:13 ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ.

ഉല്പ. 28:12 അവൻ ഒരു സ്വപ്നം കണ്ടു: ഇതാ, ഭൂമിയിൽ വെച്ചിരിക്കുന്ന ഒരു കോവണി; അതിന്റെ തല സ്വർഗ്ഗത്തോളം എത്തിയിരുന്നു; ദൈവത്തിന്റെ ദൂതന്മാർ അതിന്മേൽകൂടി കയറുകയും ഇറങ്ങുകയുമായിരുന്നു.

ഉല്പ. 28:13 അതിന്മീതെ യഹോവ നിന്നു അരുളിച്ചെയ്തതു: ഞാൻ നിന്റെ പിതാവായ അബ്രാഹാമിന്റെ ദൈവവും, യിസ്ഹാക്കിന്റെ ദൈവവുമായ യഹോവ ആകുന്നു; നീ കിടക്കുന്ന ഭൂമിയെ ഞാൻ നിനക്കും നിന്റെ സന്തതിക്കും തരും.

ഉല്പ. 28:14 നിന്റെ സന്തതി ഭൂമിയിലെ പൊടിപോലെ ആകും; നീ പടിഞ്ഞാറോട്ടും കിഴക്കോട്ടും വടക്കോട്ടും തെക്കോട്ടും പരക്കും; നീ മുഖാന്തരവും നിന്റെ സന്തതി മുഖാന്തരവും ഭൂമിയിലെ സകലവംശങ്ങളും അനുഗ്രഹിക്കപ്പെടും.

ഉല്പ. 28:15 ഇതാ, ഞാൻ നിന്നോടുകൂടെയുണ്ടു; നീ പോകുന്നേടത്തൊക്കെയും നിന്നെ കാത്തു ഈ രാജ്യത്തേക്കു നിന്നെ മടക്കിവരുത്തും; ഞാൻ നിന്നെ കൈവിടാതെ നിന്നോടു അരുളിച്ചെയ്തതു നിവർത്തിക്കും.

ഉല്പ. 28:16 അപ്പോൾ യാക്കോബ് ഉറക്കമുണർന്നു: യഹോവ ഈ സ്ഥലത്തുണ്ടു സത്യം; ഞാനോ അതു അറിഞ്ഞില്ല എന്നു പറഞ്ഞു.

ഉല്പ. 28:17 അവൻ ഭയപ്പെട്ടു: ഈ സ്ഥലം എത്ര ഭയങ്കരം! ഇതു ദൈവത്തിന്റെ ആലയമല്ലാതെ മറ്റൊന്നല്ല; ഇതു സ്വർഗ്ഗത്തിന്റെ വാതിൽ തന്നേ എന്നു പറഞ്ഞു.

ഉല്പ. 28:18 യാക്കോബ് അതികാലത്തു എഴുന്നേറ്റു തലയണയായി വെച്ചിരുന്ന കല്ലു എടുത്തു തൂണായി നിർത്തി, അതിന്മേൽ എണ്ണ ഒഴിച്ചു.

ഉല്പ. 28:19 അവൻ ആ സ്ഥലത്തിന്നു ബേഥേൽ എന്നു പേർവിളിച്ചു; ആദ്യം ആ പട്ടണത്തിന്നു ലൂസ് എന്നു പേരായിരുന്നു.

യോഹ. 1:51 അവൻ അവനോട്, സത്യമായി, സത്യമായി ഞാൻ നിങ്ങളോട് പറയുന്നു, സ്വർഗം തുറന്നിരിക്കുന്നതും മനുഷ്യപുത്രനുമേൽ ദൈവദൂതന്മാർ കയറുകയും ഇറങ്ങുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു പറഞ്ഞു.

2. ദൈവത്തിന്റെ ഭണ്ഡാരത്തിന്റെ വാതിൽ നിയന്ത്രിക്കാനുള്ള താക്കോൽ ക്രിസ്തുവിനുണ്ട്, അതിൽ നമ്മുടെ ആസ്വാദനത്തിനായി ക്രിസ്തുവിലുള്ള ദൈവത്തിന്റെ സമ്പത്ത് അടങ്ങിയിരിക്കുന്നു; അവൻ ഈ സമ്പത്ത് നമുക്ക് തുറക്കുന്നതും അടയ്ക്കുന്നതും നാം അനുഭവമാക്കിയിട്ടുണ്ട്—എഫെ. 4:30; 1 തെസ്സ. 5:17; 1 യോഹ. 1:7, 9:

എഫെ. 4:30 ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദുഃഖിപ്പിക്കരുത്,

അവനിൽ നിങ്ങളെ, വീണ്ടെടുപ്പു നാളിനായി മുദ്രയിട്ടിരിക്കുന്നുവല്ലോ.

1 തെസ്സ. 5:17 ഇടവിടാതെ പ്രാർഥിക്കുവിൻ,

1 യോഹ. 1:7 എന്നാൽ അവൻ വെളിച്ചത്തിൽ ആയിരിക്കുന്നതുപോലെ നാം വെളിച്ചത്തിൽ നടക്കുന്നുവെങ്കിൽ, നമുക്ക് അന്യോന്യം കൂട്ടായ്മയുണ്ട്, അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപത്തിൽനിന്നും നമ്മെ ശുദ്ധീകരിക്കുന്നു.

1 യോഹ. 1:9 നാം നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ, നമ്മുടെ പാപങ്ങൾ ക്ഷമിച്ച്, സകല അനീതിയിൽനിന്നും നമ്മെ ശുദ്ധീകരിക്കുവാൻ അവൻ വിശ്വസ്തനും നീതിമാനും ആകുന്നു.

a. അവന്റെ സമ്പത്ത് ഒരു നിധിയായി ആസ്വദിക്കണമെങ്കിൽ, നാം കർത്താവുമായുള്ള സമ്പർക്കത്തിൽ നിലനിൽക്കേണ്ടതുണ്ട്, അതായത് ആത്മാവിൽ ദരിദ്രരും ഹൃദയശുദ്ധിയുള്ളവരും ആകുന്നതിന് ജീവന്റെ അനുഭൂതിക്കൊത്തവണ്ണം കർത്താവുമായുള്ള ബന്ധത്തിൽ തുടരേണ്ടതുണ്ട്—2 കൊരി. 2:10; റോമ. 8:6; 10:12-13; കൊലൊ. 3:16; മത്താ. 5:3, 8.

2 കൊരി. 2:10 എന്നാൽ നിങ്ങൾ എന്തെങ്കിലും ക്ഷമിക്കുന്നവനോട്, ഞാനും ക്ഷമിക്കുന്നു; ഞാൻ എന്തെങ്കിലും ക്ഷമിച്ചിരിക്കുന്നെങ്കിൽ, ഞാൻ ക്ഷമിച്ചിരിക്കുന്നത് നിങ്ങൾ നിമിത്തം ക്രിസ്തു എന്ന വ്യക്തിയിലാകുന്നു.

റോമ. 8:6 ജഡത്തിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് മരണം ആകുന്നു, എന്നാൽ ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനും സമാധാനവും ആകുന്നു.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

കൊലൊ. 3:16 സങ്കീർത്തനങ്ങളാലും ഗീതങ്ങളാലും ആത്മിക ഗാനങ്ങളാലും അന്യോന്യം ഉപദേശിച്ചും പ്രബോധിപ്പിച്ചും, നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു കൃപയോടെ പാടിയും, ക്രിസ്തുവിന്റെ വചനം സകല ജ്ഞാനത്തിലും സമ്പന്നമായി നിങ്ങളിൽ വസിക്കട്ടെ.

മത്താ. 5:3 ആത്മാവിൽ ദരിദ്രരായവർ അനുഗൃഹീതർ, സ്വർഗരാജ്യം അവരുടേതാകുന്നു.

മത്താ. 5:8 ഹൃദയശുദ്ധിയുള്ളവർ അനുഗൃഹീതർ, അവർ ദൈവത്തെ കാണും.

b. അവന്റെ സമ്പത്ത് ഒരു നിധിയായി ആസ്വദിക്കണമെങ്കിൽ, സ്വയത്തെ ത്യജിക്കുക, ക്രൂശെടുക്കുക, ദേഹിജീവൻ നഷ്ടമാക്കുക എന്നീ താക്കോലുകൾ പ്രയോഗിക്കാൻ നാം പഠിക്കണം; നാമെല്ലാവരും നീക്കപ്പെടുകയും ക്രിസ്തുവിനാൽ പകരംവയ്ക്കപ്പെടുകയും ചെയ്യേണ്ട "ശെബ്നെമാർ" ആണ്, അങ്ങനെ അവന് നമ്മിലും നമുക്കും സകലവും ആകുവാനും, നമ്മിലൂടെയും നമുക്കുവേണ്ടിയും സകലവും ചെയ്യുവാനും കഴിയും—യെശ. 22:15-19; മത്താ. 16:24-25.

യെശ. 22:15 സൈന്യങ്ങളുടെ യഹോവയായ കർത്താവു ഇപ്രകാരം

കല്പിക്കുന്നു: നീ ചെന്നു ഭണ്ഡാരപതിയും രാജധാനിവിചാരകനുമായ ശെബ്നെയെ കണ്ടു പറയേണ്ടതു;

യെശ. 22:16 നീ എന്താകുന്നു ഈ ചെയ്യുന്നതു? നിനക്കു ഇവിടെ ആരുള്ളു? ഇവിടെ നീ കല്ലറ വെട്ടിക്കുന്നതു ആർക്കായിട്ടു? ഉയർന്നോരു സ്ഥലത്തു അവൻ തനിക്കു ഒരു കല്ലറ വെട്ടിക്കുന്നു; പാറയിൽ തനിക്കു ഒരു പാർപ്പിടം കൊത്തിയുണ്ടാക്കുന്നു.

യെശ. 22:17 എടോ, നിന്നെ യഹോവ തൂക്കിയെടുത്തു ചുഴറ്റി എറിഞ്ഞുകളയും.

യെശ. 22:18 അവൻ നിന്നെ ഒരു പന്തുപോലെ വിശാലമായോരു ദേശത്തിലേക്കു ഉരുട്ടിക്കളയും; നിന്റെ യജമാനന്റെ ഗൃഹത്തിന്റെ ലജ്ജയായുള്ളോവേ, അവിടെ നീ മരിക്കും; നിന്റെ മഹത്വമുള്ള രഥങ്ങളും അവിടെയാകും.

യെശ. 22:19 ഞാൻ നിന്നെ നിന്റെ ഉദ്യോഗത്തിൽനിന്നു നീക്കിക്കളയും; നിന്റെ സ്ഥാനത്തുനിന്നു അവൻ നിന്നെ പറിച്ചുകളയും.

മത്താ. 16:24 അപ്പോൾ യേശു തന്റെ ശിഷ്യന്മാരോടു പറഞ്ഞു, ആരെങ്കിലും എന്റെ പിന്നാലെ വരുവാൻ ഇച്ഛിച്ചാൽ, അവൻ തന്നെത്താൻ ത്യജിച്ച്, തന്റെ ക്രൂശെടുത്ത്, എന്നെ അനുഗമിക്കട്ടെ.

മത്താ. 16:25 തന്റെ ദേഹിജീവനെ രക്ഷിക്കുവാൻ ഇച്ഛിക്കുന്നവൻ അതിനെ നഷ്ടമാക്കും; എന്നാൽ എന്റെ നിമിത്തം തന്റെ ദേഹിജീവനെ നഷ്ടമാക്കുന്നവൻ അതിനെ കണ്ടെത്തും.

**III. അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭയൽ, ക്രിസ്തുവിനെ ജയാളികളോടൊപ്പം അത്താഴം കഴിക്കുന്നവനായും, ജയാളികൾക്ക് തന്നോടൊപ്പം തന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകുന്നവനായും കാണുന്നു, അവനും ജയിച്ച് തന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ—വെളി. 3:20-21:**

വെളി. 3:20 ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും.

വെളി. 3:21 ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ.

A. “ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും”—വാക്യം 20:

1. വാതിൽ വ്യക്തികളുടെ ഹൃദയം എന്ന വാതിലല്ല, മറിച്ച് സഭയുടെ വാതിലാണ്; സഭയുടെ തലയായ കർത്താവ് അധഃപതിച്ച സഭയുടെ പുറത്തുനിന്ന് അവളുടെ വാതിലിൽ മുട്ടുകയാണ്.
2. വാതിൽ സഭയുടെ വാതിലാണ്, എന്നാൽ വാതിൽ തുറക്കുന്നത് വ്യക്തിഗത വിശ്വാസികളാണ്; ലവൊദിക്യയിലുള്ള സഭയ്ക്ക് അറിവുണ്ട്, പക്ഷേ കർത്താവിന്റെ സാന്നിധ്യമില്ല.
3. കർത്താവിന്റെ ദൃഷ്ടിയിൽ അധഃപതിച്ച പ്രത്യുദ്ധരിക്കപ്പെട്ട സഭ (1) അരിഷ്ടനാകുന്നു, കാരണം ഉപദേശത്തിന്റെ വ്യർഥമായ അറിവിൽ സമ്പന്നയായിരിക്കുന്നതിൽ അവൾ അഭിമാനിക്കുന്നു, എന്നാൽ യഥാർഥത്തിൽ ക്രിസ്തുവിന്റെ സമ്പത്തിന്റെ അനുഭവത്തിൽ അവൾ വളരെ ദരിദ്രയാണ്; (2) നികൃഷ്ടനാകുന്നു, കാരണം അവൾ നഗ്നയും അന്ധയും

ലജ്ജയും അന്ധകാരവും നിറഞ്ഞവളാകുന്നു; (3) ദരിദ്രനാകുന്നു, കാരണം ക്രിസ്തുവിന്റെ അനുഭവത്തിലും ദൈവത്തിന്റെ വ്യവസ്ഥയുടെ ആത്മിക യാഥാർഥ്യത്തിലും അവൾ ദരിദ്രയായകുന്നു; (4) കുരുടനാകുന്നു, കാരണം യഥാർഥ ആത്മിക കാര്യങ്ങളിൽ അവൾക്ക് വാസ്തവമായ ആത്മിക ഉൾക്കാഴ്ച്ചയുടെ അഭാവമുണ്ട്; (5) നഗ്നനാകുന്നു, കാരണം അവളുടെ ദൈനംദിന നടപ്പിൽ രണ്ടാമത്തെ വസ്ത്രമെന്ന നിലയിൽ, അവൾ ക്രിസ്തുവിനാലോ ക്രിസ്തുവിനെയോ ജീവിക്കുന്നില്ല—വാ. 15-17; പ്ര.നി. സങ്കീ. 45:1, 9-14.

| | |
|---|---|
| വെളി. 3:15 | ഞാൻ നിന്റെ പ്രവൃത്തികൾ അറിയുന്നു, നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല; നീ ശീതവാനോ ഉഷ്ണവാനോ ആയിരുന്നെങ്കിൽ എന്നു ഞാൻ ആശിച്ചു. |
| വെളി. 3:16 | അങ്ങനെ നീ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ, എന്റെ വായിൽനിന്നു നിന്നെ ഞാൻ ഉമിണ്ണുകളയാറായിരിക്കുന്നു. |
| വെളി. 3:17 | ഞാൻ ധനവാൻ, സമ്പന്നനായിത്തീർന്നിരിക്കുന്നു, ഒന്നിനും കുറവില്ല എന്നു നീ പറയുകയും, എന്നാൽ നീ അരിഷ്ടനും നികൃഷ്ടനും ദരിദ്രനും കുരുടനും നഗ്നനും ആകുന്നു എന്ന് അറിയാതിരിക്കുകയും ചെയ്യുന്നതിനാൽ, |
| സങ്കീ. 45:1 | സംഗീതപ്രമാണിക്കു; സാരസരാഗത്തിൽ കോരഹ് പുത്രന്മാരുടെ ഒരു ധ്യാനം. പ്രേമഗീതം. എന്റെ ഹൃദയം ശുഭവചനത്താൽ കവിയുന്നു; എന്റെ കൃതി രാജാവിന്നു വേണ്ടിയുള്ളതു എന്നു ഞാൻ പറയുന്നു. എന്റെ നാവു സമർത്ഥനായ ലേഖകന്റെ എഴുത്തുകോൽ ആകുന്നു. |
| സങ്കീ. 45:9 | നിന്റെ സ്ത്രീരത്നങ്ങളുടെ കൂട്ടത്തിൽ രാജകുമാരികൾ ഉണ്ടു; നിന്റെ വലത്തുഭാഗത്തു രാജ്ഞി ഓഫീർ തങ്കം അണിഞ്ഞു നില്ക്കുന്നു. |
| സങ്കീ. 45:10 | അല്ലയോ കുമാരീ, കേൾക്ക; നോക്കുക; ചെവി ചായ്ക്ക. സ്വജനത്തെയും നിന്റെ പിതൃഭവനത്തെയും മറക്ക. |
| സങ്കീ. 45:11 | അപ്പോൾ രാജാവു നിന്റെ സൗന്ദര്യത്തെ ആഗ്രഹിക്കും; അവൻ നിന്റെ നാഥനല്ലോ; നീ അവനെ നമസ്കരിച്ചുകൊൾക. |
| സങ്കീ. 45:12 | സോർനിവാസികൾ, ജനത്തിലെ ധനവാന്മാർ തന്നേ, കാഴ്ചവെച്ചു നിന്റെ മുഖപ്രസാദം തേടും. |
| സങ്കീ. 45:13 | അഃന്തപുരത്തിലെ രാജകുമാരി ശോഭാപരിപൂർണ്ണയാകുന്നു; അവളുടെ വസ്ത്രം പൊൻകസവുകൊണ്ടുള്ളതു. |
| സങ്കീ. 45:14 | അവളെ ചിത്രത്തയ്യലുള്ള വസ്ത്രം ധരിപ്പിച്ചു രാജസന്നിധിയിൽ കൊണ്ടുവരും; അവളുടെ തോഴിമാരായി കൂടെ നടക്കുന്ന കന്യകമാരെയും നിന്റെ അടുക്കൽ കൊണ്ടുവരും. |

4. കർത്താവ് മുഴുവൻ സഭയോടും ഇടപെടുന്നു, എന്നാൽ കർത്താവിന്റെ ഇടപെടലിനെ അംഗീകരിക്കുന്നത് വ്യക്തിപരവും വ്യക്തിനിഷ്ഠവുമായ ഒരു കാര്യമായിരിക്കണം.
5. കർത്താവിനോടൊപ്പം അത്താഴം കഴിക്കുക എന്നാൽ ഒരു വിഭവം മാത്രം കഴിക്കുക എന്നല്ല, ഒരു വിരുന്നിന്റെ, അതായത് ഒരു ഭക്ഷണത്തിന്റെ സമ്പത്തിൽ പങ്കുകൊള്ളുക എന്നാണ്; കനാൻ എന്ന നല്ല ദേശത്തിലെ സമ്പന്നമായ വിളവ് ഭക്ഷിക്കുന്ന യിസ്രായേൽ മക്കളുടെ മുൻകുറിയുടെ നിറവേറലിനെ ഇത് സൂചിപ്പിക്കുന്നു—യോശു. 5:10-12.

| | |
|---|---|
| യോശു. 5:10 | യിസ്രായേൽമക്കൾ ഗില്ഗാലിൽ പാളയമിറങ്ങി; ആ മാസം പതിന്നാലാം തിയ്യതി സന്ധ്യാസമയത്തു യെരീഹോസമഭൂമിയിൽവെച്ചു പെസഹ കഴിച്ചു. |
| യോശു. 5:11 | പെസഹയുടെ പിറ്റെ ദിവസം തന്നേ അവർ ദേശത്തെ വിളവുകൊണ്ടുള്ള പുളിപ്പില്ലാത്ത അപ്പവും മലരും തിന്നു. |
| യോശു. 5:12 | അവർ ദേശത്തെ വിളവു അനുഭവിച്ചതിന്റെ പിറ്റെ ദിവസം മന്ന നിന്നുപോയി; യിസ്രായേൽമക്കൾക്കു പിന്നെ മന്ന കിട്ടിയതുമില്ല; ആയാണ്ടു അവർ കനാൻദേശത്തെ വിളവുകൊണ്ടു ഉപജീവിച്ചു. |

6. ജീവവൃക്ഷമായും, മറഞ്ഞിരിക്കുന്ന മന്നയായും, വിരുന്നായും നാം ക്രിസ്തുവിനെ ആസ്വദിക്കുന്നതിലൂടെ, പുതിയ യെരൂശലേമെന്ന നിലയിൽ അവനെ ആവിഷ്കരിക്കുന്നതിനായി, നമ്മുടെ സംരചനയിൽ ഒരു അസ്തിത്വമെന്ന നിലയിൽ നാം അവനുമായി ഇഴുകിച്ചേരും—വെളി. 2:7, 17; 3:20.

| | |
|---|---|
| വെളി. 2:7 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ ദൈവത്തിന്റെ പറുദീസയിലുള്ള ജീവ വൃക്ഷത്തിൽനിന്നു ഭക്ഷിക്കുവാൻ കൊടുക്കും. |
| വെളി. 2:17 | ആത്മാവ് സഭകളോടു പറയുന്നത് എന്തെന്ന് ചെവിയുള്ളവൻ കേൾക്കട്ടെ. ജയിക്കുന്നവന് ഞാൻ മറഞ്ഞിരിക്കുന്ന മന്ന കൊടുക്കും, ഞാൻ അവനു വെള്ളക്കല്ലും, കല്ലിന്മേൽ എഴുതിയിരിക്കുന്ന പുതിയ പേരും കൊടുക്കും, അത് ലഭിക്കുന്നവനല്ലാതെ ആരും അറിയുന്നില്ല. |
| വെളി. 3:20 | ഇതാ, ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു; ആരെങ്കിലും എന്റെ ശബ്ദം കേട്ട് വാതിൽ തുറന്നാൽ, ഞാൻ അവന്റെ അടുക്കൽ അകത്തു വന്ന് അവനോടും അവൻ എന്നോടുംകൂടെ അത്താഴം കഴിക്കും. |

B. "ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ"—വാ. 21:

1. കർത്താവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരിക്കുന്നത് ജയാളിക്കുള്ള ഒരു സമ്മാനമായിരിക്കും, അങ്ങനെ അവന് കർത്താവിന്റെ അധികാരത്തിൽ പങ്കെടുക്കുവാനും വരുവാനിരിക്കുന്ന സഹസ്രാബ്ദ രാജ്യത്തിൽ മുഴുവൻ ഭൂമിയിന്മേലും വാഴുന്നതിൽ അവനോടൊപ്പം ഒരു സഹരാജാവാകുവാനും കഴിയും—ലൂക്കൊ. 19:11-27; മത്താ. 25:21, 23.

| | |
|---|---|
| ലൂക്കൊ. 19:11 | അവർ ഈ കാര്യങ്ങൾ ശ്രവിച്ചുകൊണ്ടിരിക്കേ, അവൻ യെരൂശലേമിന് അടുത്തായിരുന്നതിനാലും ദൈവരാജ്യം ഉടനെ പ്രത്യക്ഷമാകുവാൻ പോകുന്നു എന്നു അവർ വിചാരിക്കുന്നതിനാലും, അവൻ ഇനിയും ഒരു ഉപമ പറഞ്ഞു. |
| ലൂക്കൊ. 19:12 | അപ്പോൾ അവൻ പറഞ്ഞത്, കുലീനനായ ഒരു മനുഷ്യൻ തനിക്കായി ഒരു രാജ്യം ലഭിച്ചു മടങ്ങിവരുവാൻ ദൂരദേശത്തേക്കു പോയി. |
| ലൂക്കൊ. 19:13 | അവൻ തന്റെ സ്വന്തം അടിമകളിൽ പത്തുപേരെ വിളിച്ചു അവർക്കു പത്തു മിനകൾ നൽകി, ഞാൻ വരുന്നതുവരെ വ്യാപാരം ചെയ്യുവിൻ എന്നു പറഞ്ഞു. |
| ലൂക്കൊ. 19:14 | എന്നാൽ അവന്റെ പൗരന്മാർ അവനെ വെറുക്കുകയും, ഈ മനുഷ്യൻ ഞങ്ങളുടെമേൽ ഭരിക്കുവാൻ ഞങ്ങൾ |

ഇച്ഛിക്കുന്നില്ല എന്നു പറഞ്ഞുകൊണ്ട് അവന്റെ പിന്നാലെ പ്രതിനിധിയെ അയയ്ക്കുകയും ചെയ്തു.

ലൂക്കൊ. 19:15 അവനോ രാജ്യം ലഭിച്ചു തിരികെവന്നപ്പോൾ, അവൻ പണം നൽകിയ ആ അടിമകൾ വ്യാപാരം ചെയ്ത് എന്തു നേടി എന്ന് അറിയേണ്ടതിന് അവരെ അവന്റെ അടുക്കൽ വിളിപ്പിക്കുവാൻ കൽപ്പിച്ചു.

ലൂക്കൊ. 19:16 ഒന്നാമത്തവൻ, യജമാനനേ, നിന്റെ മിന പത്തു മിനകൾ നേടിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് പ്രത്യക്ഷനായി.

ലൂക്കൊ. 19:17 അവൻ അവനോട്, നല്ല അടിമയേ, നന്ന്. നീ അത്യൽപത്തിൽ വിശ്വസ്തനായിത്തീർന്നതിനാൽ, പത്തു പട്ടണങ്ങളിന്മേൽ അധികാരം ഉള്ളവനായിരിക്കുക എന്നു പറഞ്ഞു.

ലൂക്കൊ. 19:18 രണ്ടാമത്തവനും, യജമാനനേ, നിന്റെ മിന, അഞ്ചു മിനകൾ ഉണ്ടാക്കിയിരിക്കുന്നു എന്നു പറഞ്ഞുകൊണ്ട് വന്നു.

ലൂക്കൊ. 19:19 ഇവനോടും അവൻ, നീയും അഞ്ചു പട്ടണങ്ങളിന്മേൽ ആയിരിക്കുക എന്നു പറഞ്ഞു.

ലൂക്കൊ. 19:20 പിന്നെ മറ്റവൻ വന്നു പറഞ്ഞത്, യജമാനനേ, ഇതാ ഞാൻ തൂവാലയിൽ മാറ്റി വച്ചിരുന്ന നിന്റെ മിന;

ലൂക്കൊ. 19:21 നീ നിക്ഷേപിക്കാത്തതു പിൻവലിക്കുകയും, വിതയ്ക്കാത്തതു കൊയ്യുകയും ചെയ്യുന്ന നിർദയനായ മനുഷ്യനാകുന്നതിനാൽ ഞാൻ നിന്നെ ഭയപ്പെട്ടിരുന്നു.

ലൂക്കൊ. 19:22 അവൻ അവനോട് പറഞ്ഞു, ദുഷ്ട അടിമയേ, നിന്റെ വായിൽ നിന്നുതന്നെ നിന്നെ ഞാൻ ന്യായംവിധിക്കും. ഞാൻ നിക്ഷേപിക്കാത്തതു പിൻവലിക്കുകയും, വിതയ്ക്കാത്തതു കൊയ്യുകയും ചെയ്യുന്ന നിർദയനായ മനുഷ്യൻ ആകുന്നു എന്നു നീ അറിഞ്ഞിരുന്നുവല്ലോ.

ലൂക്കൊ. 19:23 പിന്നെ എന്തുകൊണ്ട് എന്റെ പണം നീ നാണ്യപീഠത്തിൽ വച്ചില്ല, ഞാൻ വന്നപ്പോൾ പലിശയോടുകൂടെ അതിനെ വാങ്ങുമായിരുന്നല്ലോ?

ലൂക്കൊ. 19:24 അരികിൽ നിൽക്കുന്നവരോട് അവൻ, അവനിൽനിന്ന് മിന എടുത്ത്, പത്തു മിനകൾ ഉള്ളവനു കൊടുക്കുവിൻ എന്നു പറഞ്ഞു.

ലൂക്കൊ. 19:25 അവർ അവനോട്, യജമാനനേ, അവനു പത്തു മിനകൾ ഉണ്ടല്ലോ എന്നു പറഞ്ഞു.

ലൂക്കൊ. 19:26 ഞാൻ നിങ്ങളോടു പറയുന്നു, ഉള്ളവന് അധികം നൽകപ്പെടും, എന്നാൽ ഇല്ലാത്തവനിൽനിന്ന് അവന് ഉള്ളതും കൂടി എടുത്തുമാറ്റപ്പെടും.

ലൂക്കൊ. 19:27 എന്നിരുന്നാലും, ഞാൻ അവരുടെമേൽ വാഴുവാൻ ഇച്ഛിക്കാതിരുന്ന എന്റെ ഈ ശത്രുക്കളെ, ഇവിടെ കൊണ്ടുവന്ന് എന്റെ മുമ്പിൽവച്ച് വെട്ടിക്കൊല്ലുവിൻ.

മത്താ. 25:21 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കുമേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു പറഞ്ഞു.

മത്താ. 25:23 അവന്റെ യജമാനൻ അവനോട്, നല്ലവനും വിശ്വസ്തനുമായ അടിമയേ, നന്നായി ചെയ്തിരിക്കുന്നു. നീ അൽപകാര്യങ്ങളിൽ വിശ്വസ്തനായിരുന്നു, ഞാൻ നിന്നെ അനേകം കാര്യങ്ങൾക്കു മേൽ ആക്കിവയ്ക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്കുക എന്നു

പറഞ്ഞു.

2. മനുഷ്യനു സിംഹാസനത്തിലിരിക്കാൻ കഴിയേണ്ടതിന് തന്നെത്തന്നെ മനുഷ്യനിലേക്ക് വേലചെയ്യുകയും മനുഷ്യന്റെ മേൽ വേലചെയ്യുകയും ചെയ്യുക എന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം; നമ്മെ സിംഹാസനത്തിലെ ജനമാക്കുക എന്നതാണ് അവന്റെ ആഗ്രഹം—വെളി. 2:26-27; 3:21; 22:5; പ്ര.നി. യെശ. 14:12-14.

| | |
|---|---|
| വെളി. 2:26 | ജയിക്കുകയും എന്റെ പ്രവൃത്തികൾ അവസാനത്തോളം കാക്കുകയും ചെയ്യുന്നവന്, ഞാനും എന്റെ പിതാവിൽനിന്നു പ്രാപിച്ചതു പോലെ, ജാതികളുടെമേൽ ഞാൻ അവന് അധികാരം കൊടുക്കും; |
| വെളി. 2:27 | മൺപാത്രങ്ങൾ കഷ്ണങ്ങളായി ഉടയ്ക്കുന്നതുപോലെ, അവൻ ഇരുമ്പു കോൽകൊണ്ട് അവരെ മേയിക്കും; |
| വെളി. 3:21 | ജയിക്കുന്നവന് ഞാൻ എന്നോടുകൂടെ എന്റെ സിംഹാസനത്തിൽ ഇരിക്കുവാൻ നൽകും, ഞാനും ജയിച്ച് എന്റെ പിതാവിനോടുകൂടെ അവന്റെ സിംഹാസനത്തിൽ ഇരുന്നതുപോലെതന്നെ. |
| വെളി. 22:5 | ഇനി രാത്രി ഉണ്ടാകയില്ല; ദൈവമായ കർത്താവ് അവരുടെമേൽ പ്രകാശിക്കുന്നതിനാൽ, വിളക്കിന്റെ വെളിച്ചവും സൂര്യന്റെ വെളിച്ചവും അവർക്ക് ആവശ്യമില്ല; അവർ എന്നെന്നേക്കും വാഴും. |
| യെശ. 14:12 | അരുണോദയപുത്രനായ ശുക്രാ, നീ എങ്ങനെ ആകാശത്തുനിന്നു വീണു! ജാതികളെ താഴ്ത്തിക്കളഞ്ഞവനേ, നീ എങ്ങനെ വെട്ടേറ്റു നിലത്തു വീണു! |
| യെശ. 14:13 | "ഞാൻ സ്വർഗ്ഗത്തിൽ കയറും; എന്റെ സിംഹാസനം ദൈവത്തിന്റെ നക്ഷത്രങ്ങൾക്കു മീതെ വയ്ക്കും; ഉത്തരദിക്കിന്റെ അത്യന്തത്തിയിൽ സമാഗമപർവ്വതത്തിന്മേൽ ഞാൻ ഇരുന്നരുളും; |
| യെശ. 14:14 | ഞാൻ മേഘോന്നതങ്ങൾക്കു മീതെ കയറും; ഞാൻ അത്യുന്നതനോടു സമനാകും" എന്നല്ലോ നീ ഹൃദയത്തിൽ പറഞ്ഞതു. |

3. തന്റെ ക്രൂശുമരണം, പുനരുത്ഥാനം, ആരോഹണം എന്നിവയിലൂടെ, കർത്താവായ യേശു സിംഹാസനത്തിലേക്ക് കൊണ്ടുവരപ്പെട്ടു; യേശു എന്നു പേരുള്ള ഒരു യഥാർഥ മനുഷ്യൻ സിംഹാസനത്തിലിരിക്കുന്നു (യെഹെ. 1:26); ഇന്ന് സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവ്, പ്രപഞ്ചത്തിന്റെ കർത്താവ്, ഒരു മനുഷ്യനാണ്; അതുകൊണ്ടാണ് നാം "യേശുവാണ് കർത്താവ്" എന്ന് പ്രഖ്യാപിക്കുന്നത്, അതുകൊണ്ടാണ് നമ്മൾ "ഓ കർത്താവായ യേശുവേ" എന്ന് വിളിക്കുന്നത്.

| | |
|---|---|
| യെഹെ. 1:26 | അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. |

4. കർത്താവായ യേശു സിംഹാസനത്തിലേക്കുള്ള വഴി നയിച്ചു; അവനാണ് സിംഹാസനത്തിലേക്കുള്ള വഴി തെളിച്ച വഴിയൊരുക്കുന്നവൻ, മുൻഗാമി (എബ്രാ. 6:20; 2:6-9); നമുക്ക് പിന്തുടരുവാൻ കഴിയേണ്ടതിന് അവൻ വഴി തെളിക്കുകയും നേതൃത്വം എടുക്കുകയും ചെയ്തു (വാ. 10-12).

| | |
|---|---|
| എബ്രാ. 6:20 | അവിടെ മുൻഗാമിയായ യേശു, മൽക്കീസേദെക്കിന്റെ |

| | |
|---|---|
| | ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായിത്തീർന്ന്, നമുക്കായി പ്രവേശിച്ചിരിക്കുന്നു. |
| എബ്രാ. 2:6 | എന്നാൽ ഒരുവൻ എവിടെയോ ഗൗരവമായി സാക്ഷ്യപ്പെടുത്തി പറഞ്ഞു, "മനുഷ്യനെ നീ ഓർക്കേണ്ടതിന്, അഥവാ മനുഷ്യപുത്രനെ നീ കരുതേണ്ടതിന് അവൻ എന്ത്? |
| എബ്രാ. 2:7 | നീ അവനെ ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തിയിരിക്കുന്നു; നീ അവനെ തേജസ്സും ബഹുമാനവും കൊണ്ട് കിരീടമണിയിക്കുകയും, അവനെ നിന്റെ കരങ്ങളുടെ പ്രവൃത്തികൾക്കുമേൽ ആക്കിവയ്ക്കുകയും ചെയ്തിരിക്കുന്നു; |
| എബ്രാ. 2:8 | നീ സകലവും അവന്റെ കാൽക്കീഴിൽ കീഴ്പ്പെടുത്തിയിരിക്കുന്നു." സകലവും അവനു കീഴ്പ്പെടുത്തിയതിൽ, അവനു കീഴ്പ്പെടാത്തതായി ഒന്നും അവൻ വിട്ടില്ല. എന്നാൽ ഇപ്പോൾ സകലവും അവനു കീഴ്പ്പെട്ടിരിക്കുന്നതായി നാം ഇതുവരെ കാണുന്നില്ല, |
| എബ്രാ. 2:9 | എന്നാൽ ദൈവകൃപയാൽ അവൻ സകലത്തിനും പകരം മരണം രുചിക്കേണ്ടതിന്, മരണത്തിന്റെ കഷ്ടത നിമിത്തം ദൂതന്മാരെക്കാൾ അൽപ്പം മാത്രം താഴ്ത്തപ്പെട്ട യേശുവിനെ, മഹത്വവും ബഹുമാനവും കൊണ്ട് കിരീടമണിയിച്ചിരിക്കുന്നതായി നാം കാണുന്നു. |
| എബ്രാ. 2:10 | എന്തെന്നാൽ സകലവും തനിക്കുവേണ്ടിയും സകലവും തന്നിലൂടെയും ഉളവാക്കിയവന്, അനേകം പുത്രന്മാരെ തേജസ്സിലേക്ക് നയിക്കുന്നതിൽ, അവരുടെ രക്ഷയുടെ കാരണഭൂതനെ കഷ്ടാനുഭവങ്ങളിലൂടെ തികഞ്ഞവനാക്കുന്നത് ഉചിതമായിരുന്നു. |
| എബ്രാ. 2:11 | എന്തെന്നാൽ വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും എല്ലാം ഒരുവനിൽ നിന്നാകുന്നു, ഇക്കാരണത്താൽ അവൻ അവരെ സഹോദരന്മാർ എന്നു വിളിക്കുവാൻ ലജ്ജിക്കുന്നില്ല, |
| എബ്രാ. 2:12 | "ഞാൻ നിന്റെ നാമത്തെ എന്റെ സഹോദരന്മാരോടു പ്രഖ്യാപിക്കും; സഭാമധ്യേ ഞാൻ നിനക്കു സ്തുതിഗീതങ്ങൾ പാടും" എന്നും, |

5. ഇപ്പോൾ നമ്മൾ സിംഹാസനത്തിലേക്ക് അണിനടക്കുകയാണ്, കാരണം ദൈവം നമ്മെ തേജസ്സിലേക്ക് കൊണ്ടുവരുവാനും സിംഹാസനത്തിൽ ഇരുത്തുവാനും ഉദ്ദേശിക്കുന്നു; മനുഷ്യനിലൂടെ തന്നെത്തന്നെ വെളിവാക്കുവാൻ ദൈവം ആഗ്രഹിക്കുന്നു, മനുഷ്യനിലൂടെ വാഴുവാനും ഭരണനിർവഹണം നടത്തുവാനും അവൻ ആഗ്രഹിക്കുന്നു; സാത്താനെ താഴെയ്ക്ക് എറിയുകയും സാത്താൻ തടവിലാക്കിയവരിൽ പലരെയും വീണ്ടെടുക്കുകയും അവരെ തന്റെ സിംഹാസനത്തിലേക്ക് കൊണ്ടുവരുകയും ചെയ്യുന്നതാണ് ദൈവത്തിന്റെ ഉദ്ദേശ്യം.
6. ദൈവപുത്രന്മാരാകാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു, രാജാക്കന്മാരാകുവാനാണ് നമ്മുടെ വിധി, എന്നാൽ രാജത്വത്തിന് നമ്മെ യോഗ്യരാക്കുന്നതിന് ദൈവം നമ്മിലും നമ്മുടെ മേലും വേലചെയ്യേണ്ടതിന്റെ ആവശ്യം നമുക്കുണ്ട്—റോമ. 5:17, 21; പ്ര.നി. യെഹെ. 1:22, 26; മത്താ. 8:9.

| | |
|---|---|
| റോമ. 5:17 | ഏകന്റെ അതിക്രമത്താൽ ഏകനിലൂടെ മരണം വാണു എങ്കിൽ, കൃപയുടെയും നീതിയുടെ ഉപഹാരത്തിന്റെയും സമൃദ്ധി ലഭിക്കുന്നവർ, യേശു ക്രിസ്തു എന്ന ഏകനിലൂടെ എത്ര അധികമായി ജീവനിൽ വാഴും. |

| | |
|---|---|
| റോമ. 5:21 | എപ്രകാരം പാപം മരണത്തിൽ വാണുവോ, അപ്രകാരം തന്നെ കൃപ നീതിയിലൂടെ നിത്യജീവങ്കലേക്ക് നമ്മുടെ കർത്താവായ യേശു ക്രിസ്തുവിലൂടെ വാഴേണ്ടതിനു തന്നെ. |
| യെഹെ. 1:22 | ജീവികളുടെ തലെക്കു മീതെ ഭയങ്കരമായോരു പളുങ്കുപോലെയുള്ള ഒരു വിതാനത്തിന്റെ രൂപം ഉണ്ടായിരുന്നു; അതു അവയുടെ തലെക്കു മീതെ വിരിഞ്ഞിരുന്നു. |
| യെഹെ. 1:26 | അവയുടെ തലെക്കു മീതെയുള്ള വിതാനത്തിന്നു മീതെ നീലക്കല്ലിന്റെ കാഴ്ചപോലെ സിംഹാസനത്തിന്റെ രൂപവും സിംഹാസനത്തിന്റെ രൂപത്തിന്മേൽ അതിന്നു മീതെ മനുഷ്യസാദൃശ്യത്തിൽ ഒരു രൂപവും ഉണ്ടായിരുന്നു. |
| മത്താ. 8:9 | എന്തെന്നാൽ ഞാനും അധികാരത്തിനു കീഴിലുള്ള മനുഷ്യൻ ആകുന്നു. എന്റെ കീഴിൽ പടയാളികൾ ഉണ്ട്, ഞാൻ ഇവനോട്, പോകുക എന്നു പറയുന്നു അവൻ പോകുന്നു; വേറൊരുവനോട്, വരുക, അവൻ വരുന്നു; എന്റെ അടിമയോട്, ഇതു ചെയ്യുക, അവൻ ചെയ്യുന്നു. |